www.malankaralibrary.com

# കമ്മ്യൂണിസവും ആദിപാപവും

ഡോ. കെ.എം.ഫ്രാൻസീസ്

കാറൽ മാർക്സിനെ പിൻതുടരുന്ന സമൂഹത്തിന്റെ ലക്ഷ്യം കമ്മ്യൂണിസ്റ്റ് ജീവിത രീതിയാണ്. കമ്മ്യൂണിസമെന്നാൽ എന്ത് എന്ന ചോദ്യത്തിന് കാറൽമാർക്സിനെ പിൻതുടരുന്നവരെല്ലാവരും തന്നെ സ്വകാര്യസ്വത്തിന്റെ നിർമ്മാജ്ജനമാണ് കമ്മ്യൂണിസമെന്ന് ആവർത്തിക്കുന്നു. മാർക്സ് ഏംഗൽസ് രചിച്ച 'കമ്മ്യുണിസ്റ്റ് മാനിഫെസ്റ്റോയിൽ' സ്വകാര്യസ്വത്തിന്റെ നിർമ്മാർജ്ജനമാണ് കമ്മ്യൂണിസമെന്ന് ഏകവാചകത്തിൽ നിർവചിക്കുന്നു.(1) (Communism in one statement means abolition of private property). എന്നാൽ മാർക്സ് മറ്റൊരിടത്ത് സ്വകാര്യസ്വത്തിന്റെ നിർമ്മാർജ്ജനമല്ല കമ്മ്യൂണിസമെന്ന് അഭിപ്രായപ്പെടുന്നുണ്ട്.(2)

എങ്കിൽ പിന്നെ എന്താണ് മാർക്സിയൻ കമ്മ്യൂണിസം? സ്വകാര്യസ്വത്തിന്റെ നിർമ്മാർജ്ജനം എന്ന ഏക നിർവചനത്തിലേക്ക് കമ്മ്യുണിസമെന്ന പദം എത്തിചേർന്നതിന്റെ ചരിത്രവഴികൾ ഏതാണ്?.

### പ്രപഞ്ചത്തിന്റെ രോഗവും അതിന്റെ സൗഖ്യവും

പ്രപഞ്ചവും മനുഷ്യ വർഗ്ഗവും ചില രോഗങ്ങൾക്ക് വിധേയമാണ്. ചരിത്രത്തിന്റെ ആരംഭം മുതൽ അതിന്റെ ലക്ഷണങ്ങൾ പ്രകടമാണ്. ചില വ്യക്തികൾ മറ്റു വ്യക്തികളെ അടിമകളാക്കുന്നു, പുരുഷൻ സ്ത്രീയെ അടിമയാക്കുന്നു, അധികാരമുള്ളവർ പ്രപഞ്ചത്തിന്റെ ക്രമം തകർക്കുന്ന വിധത്തിൽ പ്രകൃതിയെ ചൂഷണം ചെയ്യുന്നു, എന്നിങ്ങനെയുള്ള ആയിരകണക്കിന് തിന്മകൾ നാം ലോകത്തിൽ കാണുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് രണ്ടു തരം പരിഹാരമുണ്ട്. ആദ്യത്തേത് പ്രാഥമിക ചികിത്സയാണ്. പ്രാഥമിക ചികിത്സകർ പ്രശ്നത്തിന്റെ കാരണം അന്വേഷിക്കുന്നില്ല. എന്നാൽ രണ്ടാമത്തെ തരം ചികിത്സ പ്രശ്നത്തിന്റെ കാരണത്തിന്റെ പരിഹാരമാണ്.

രണ്ടാമത്തെ തരം പരിഹാരത്തിന് പ്രപഞ്ചവും സമൂഹവും അനുഭവിക്കുന്ന പ്രശ്നത്തിന്റെ കാരണത്തെ കണ്ടെത്തണം. ഈ അന്വേഷണത്തിലെ ആദ്യ ചോദ്യം പ്രപഞ്ചത്തിലേയും സമൂഹത്തിലേയും പ്രശ്നങ്ങൾക്ക് ആരംഭമുണ്ടോ ഇല്ലയോ എന്നതാണ്. ചില ചിന്തകർ അവകാശപ്പെടുന്നത് ഇത്തരം പ്രശ്നങ്ങൾക്ക് ഒരു ആരംഭമില്ല എന്നാണ്. എന്നുമുതലാണോ പ്രപഞ്ചം രൂപം കൊണ്ടത് അന്നുമുതൽ ഈ പ്രശ്നമുണ്ട്. എന്നുവരെ പ്രപഞ്ചം നിലനിൽക്കുന്നുവോ അന്നുവരെ

www.malankaralibrary.com


ഈ പ്രശ്നങ്ങൾ നിലനിൽക്കും എന്നാണ് ഇക്കൂട്ടർ വാദിക്കുന്നത്.

എന്നാൽ മറ്റു ചില ചിന്തകർ പ്രപഞ്ചത്തിലെ പ്രശ്നങ്ങൾക്ക് ഒരു ആരംഭമുണ്ടെന്നും, അതിനാൽ തന്നെ അവസാനമുണ്ടെന്നും വാദിക്കുന്നു. സമൂഹത്തിൽ നാം കാണുന്ന അസമത്വവും, അടിച്ചമർത്തലും, അനീതിയും, സ്ത്രീപീഢനവും ഉണ്ടാകുന്നതിന് മുൻപ് എല്ലാ മനുഷ്യരും സഹോദരി സഹോദരന്മാരെ പോലെ, കള്ളവും ചതിയുമില്ലാത്ത, അനീതിയും, അസമത്വവുമില്ലാത്ത ഒരു സാമൂഹ്യജീവിതം നിലനിന്നിരുന്നുവെന്ന് ഇവർ വാദിക്കുന്നു. ക്രമബദ്ധവും സന്തോഷപ്രദവുമായിരുന്ന ചരിത്ര കാലഘട്ടത്തിന് ഗ്രീക്ക് ചിന്തകർ നൽകിയ പേരാണ് പറൂസിയ(Parousia). പറൂസിയ എന്നത് പ്രപഞ്ചത്തിന് ഉണ്ടായിരുന്ന ഒരു അവസ്ഥയാണ്. ഇത്തരമൊരു സങ്കൽപ്പം ലോകത്തിലെ പല പ്രദേശങ്ങളിലും ഉണ്ടായിരുന്നു. മിത്തുകളുടെ പഠനം ഇക്കാര്യം തെളിയിക്കുന്നുണ്ട്. പ്ലാറ്റോ സിംപോസിയമെന്ന ഗ്രന്ഥത്തിൽ സന്തോഷമായി ജീവിച്ചിരുന്ന മനുഷ്യ സമൂഹത്തെ വിവരിക്കുന്നു. ഈ മിത്തിൽ മനുഷ്യന്റെ സന്തോഷം തകർത്തതിന്റെ ഉത്തരവാദി ദൈവമാണ്. ഇന്ത്യൻ മിത്തുകളിൽ മഹാബലി എന്ന രാജാവിന്റെ ഭരണത്തെ പറൂസിയയായി വിവരിക്കുന്നു. ഈ മിത്തിലും മനുഷ്യന്റെ സന്തോഷം നഷ്ടപ്പെടുത്തിയത് ദൈവമാണ്. ഉൽപ്പത്തി പുസ്തകത്തെ വ്യാഖ്യാനിച്ച ക്രിസ്ത്യൻ പണ്ഡിതന്മാരും മനുഷ്യവർഗ്ഗത്തെ വിഭജിക്കുന്നതിന്റെ കാരണക്കാരനായി ദൈവത്തെ അവതരിപ്പിക്കുന്നു. റൂസ്സോയും കാറൽ മാർക്സും ആദിപാപത്തെ ചരിത്രത്തിന്റെ അനിവാര്യതയായി വ്യാഖ്യാനിക്കുന്നു. ആരും തന്നെ മനുഷ്യനാണ് മനുഷ്യവർഗ്ഗത്തിന്റെ പ്രശ്നങ്ങളുടെ കാരണമെന്ന് വ്യാഖ്യാനിക്കുന്നില്ല. ഇത്തരം മിത്തുകളിൽ ഏറ്റവുമധികം ജനങ്ങളെ സ്വാധീനിച്ചത് യഹൂദ മിത്താണ്. യഹുദ ജനത ഏദൻ തോട്ടം എന്ന സ്ഥലത്തെയാണ് പറുദീസയായി പരിമിതപ്പെടുത്തിയിരുന്നത്.

ആദിപാപവും പറുദീസാ നഷ്ടവും

ചരിത്രത്തിന്റെ ആരംഭത്തിലുണ്ടായിരുന്ന മനുഷ്യവർഗ്ഗത്തിന്റെ പ്രകൃതിയോടിണങ്ങിയ സന്തോഷകരമായ ജീവീതം നിലനിന്നിരുന്ന കാലഘട്ടം, എന്നാൽ ഏതോ **ഒരു പ്രത്യേക സംഭവം മൂലം** മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ സന്തോഷവും നഷ്ടപ്പെട്ട മറ്റൊരു കാലഘട്ടം - ചരിത്രത്തെ രണ്ടായി വിഭജിച്ച ഈ പ്രത്യേക സംഭവത്തെ ഒറ്റവാക്കിൽ പ്രകടിപ്പിക്കുന്നതാണ് ആദിപാപം (Orignal Sin). ആദിപാപമാണ് പ്രപഞ്ചപ്രശ്നങ്ങളുടെ മൂലകാരണം, അതിനാൽ ആദിപാപത്തേയും അതിന്റെ ഫലമായി പ്രപഞ്ചത്തിലും,സമൂഹത്തിലുമുണ്ടായ പ്രശ്നങ്ങളേയും പരിഹരിക്കുക എന്നതാണ് പ്രശ്നങ്ങൾ ഇല്ലാതാക്കാനുള്ള മാർഗ്ഗമായി ചിലർ കണ്ടെത്തിയത്. എങ്കിൽ ഇത്തരമൊരു സംഭവം എന്താണ്. അതിന്റെ കാര

www.malankaralibrary.com

ണക്കാരൻ ആരാണ്? അതിന്റെ പരിഹാരം എന്താണ്. എന്നിങ്ങനെയുള്ള അന്വേഷണം മനുഷ്യൻ ആരംഭിച്ചു. ഈ അന്വേഷണത്തിൽ യഹൂദ മിത്തിന്റെ സ്വാധീനം കാണാവുന്നതാണ്. ഇത്തരമൊരു പ്രതിസന്ധി മനുഷ്യ ചരിത്രത്തിൽ ഉണ്ടായതിന്റെ കാരണക്കാരായി യഹൂദ മിത്ത് ദൈവത്തേയും പിശാചിനേയും മനുഷ്യനേയും അവതരിപ്പിക്കുന്നു. ഇന്ത്യൻ ഗ്രീക്ക് പുരാണങ്ങളിൽ വില്ലന്മാരായി പ്രത്യക്ഷപ്പെടുന്നത് ദൈവങ്ങളാണ്. എന്നാൽ ദൈവത്തേയും. പിശാചിനേയും വില്ലൻ സ്ഥാനത്ത് നിർത്തുന്നതിനോടൊപ്പം, സമൂഹത്തിന്റേയും, പ്രകൃതിയുടേയും ലയം നഷ്ടപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം യഹുദമിത്ത് മനുഷ്യനിലും ആരോപിക്കുന്നു. എന്നാൽ മിത്തുകൾ വ്യാഖാനിച്ച യഹൂദ, ക്രിസ്ത്യൻ പണ്ഡിതന്മാർ മനുഷ്യന്റെ പ്രവർത്തി മൂലം, മനുഷ്യൻ പറൂസിയായിൽ നിന്ന് സ്വയം പുറത്താക്കപ്പെട്ടു എന്നതിനു പകരം, ദൈവം മനുഷ്യനെ പറൂസിയയിൽ നിന്ന് പുറത്താക്കിയെന്ന് വ്യാഖാനിക്കാനാണ് ശ്രമിച്ചത്. ഈ വ്യാഖ്യാനത്തിൽ നിന്ന് വ്യത്യസ്ഥമായി ചരിത്രത്തിന്റെ അനിവാര്യതയിലൂടെ മനുഷ്യന് നഷ്ടപ്പെമായ സൗഭാഗ്യജീവിതമാണ് പറുദീസാ നഷ്ടമെന്ന് റൂസ്സോ വ്യാഖ്യാനിക്കുന്നു. ഉൽപ്പത്തി ഗ്രന്ഥകർത്താവ് മനുഷ്യനെയാണ് പ്രപഞ്ചത്തിലെ ലയഭംഗത്തിന്റെ കാരണക്കാരായി ആരോപിക്കുന്നത്. ("നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും.") അതു വരെ കേട്ടുകേൾവിയില്ലാത്ത നാലു കാര്യങ്ങൾ ഇത്തരമൊരു പ്രവർത്തി വഴി മനുഷ്യനിൽ സംഭവിക്കുമെന്നും ഉൽപത്തി ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. (എ) തൊഴിൽ ചെയ്യുക എന്നത് മനുഷ്യന്റെ അസ്തിത്വത്തിന്റെ ഭാഗമായിരുന്നു. തൊഴിൽ ചെയ്യുക എന്നത് മനുഷ്യന് വേദനയായി മാറി. മറ്റൊരു വിധത്തിൽ മനുഷ്യനായിത്തീരുക എന്നത് മനുഷ്യന് വേദനയായി. (ബി) സ്ത്രീയും പുരുഷനും തുല്യരായിരുന്നു. എന്നാൽ പുരുഷൻ സ്ത്രീയെ അടിമയാക്കാൻ ആരംഭിച്ചു. (സി) പ്രസവിക്കുന്നതിലൂടെയാണ് സ്ത്രീ സ്വന്തം സ്ത്രീത്വത്തിന് പൂർണ്ണത മനസ്സിലാക്കേണ്ടത്.എന്നാൽ പ്രസവിക്കുക എന്നത് സ്ത്രീയ്ക്ക് വെറുപ്പുളവാക്കുന്ന ഒന്നായി മാറി. മറ്റൊരു വിധത്തിൽ സ്ത്രീ സ്ത്രീയായിരിക്കുന്നതിൽ സന്തോഷം അനുഭവിക്കുന്നില്ല. (ഡി) പ്രകൃതി മനുഷ്യനു വേണ്ടി ഫലമൂലാധികൾ പുറപ്പെടുവിക്കുന്നതിനു പകരം , കല്ലും മുള്ളും, പ്രളയവും സമ്മാനിക്കാൻ ആരംഭിച്ചു മറ്റൊരു വിധത്തിൽ പ്രകൃതിയുമായി മനുഷ്യൻ ശത്രുതയിലായി.

സമൂഹത്തിലും, പ്രപഞ്ചത്തിലും, സംഭവിച്ച പ്രശ്നങ്ങൾ മനുഷ്യബന്ധങ്ങളിൽ ബാഹ്യമായി സംഭവിച്ച വ്യതിയാനങ്ങൾ മാത്രമേ യഹുദമിത്ത് വിവരിക്കുന്നുള്ളു. എന്നാൽ ഇന്ത്യൻ, ഗ്രീക്ക് ചിന്തകർ മനുഷ്യന്റെ സാമൂഹിക പ്രശ്നങ്ങളുടെ കാരണമായി കണ്ടെത്തിതിൽ ഏറ്റവും പ്രധാനം മനസ്സും, ശരീരവും തമ്മിലുള്ള വിരുദ്ധതയാണ്.

www.malankaralibrary.com


റൂസ്സോയും ആദിപാപവും

ആദിപാപത്തിന്റെ പരിഹാരമാണ് യേശുക്രിസ്തുവിന്റെ മനുഷ്യവതാരത്തിന്റെ ലക്ഷ്യമെങ്കിലും എന്താണ് ആദിപാപം? എന്താണ് അതിന്റെ അനന്തരഫലങ്ങൾ? എന്നീ കാര്യങ്ങൾ ക്രൈസ്തവ ചിന്തകർ വിശകലനം ചെയ്തില്ല. ചരിത്രത്തെ രണ്ടായി വിഭജിച്ച മനുഷ്യപ്രവർത്തിയെന്താണെന്ന് ഇന്നും ക്രൈസ്തവ സഭാ പണ്ഢിതൻമാർ വ്യാഖാനിക്കാൻ ശ്രമിക്കുന്നില്ല.

മനുഷ്യ വർഗ്ഗ ചരിത്രത്തെ പറുദീസ എന്ന അവസ്ഥയിൽ നിന്ന് ചതിയുടേയും വഞ്ചനയുടേയും, അടിച്ചമർത്തലിന്റേയും അസമത്വത്തിന്റേയും അവസ്ഥയിലേക്ക് മാറ്റിയ മനുഷ്യ പ്രവർത്തിയെന്തെന്ന് വിശദീകരിക്കുന്ന റൂസ്സോയുടെ പ്രബന്ധമാണ് Discourse on the Origin of Inequlity(1755). ലോകത്തിലുണ്ടായിരുന്നത് വിശുദ്ധന്മാരായ കാട്ടാളന്മാരായി(Noble Savage) രുന്നുവെന്ന് റൂസ്സോ ഉന്നയിക്കുന്നു. ഈ വിശുദ്ധ ജീവീതം തകർക്കപ്പെടാനുള്ള ആദിപാപം (മൂലകാരണം) കണ്ടെത്താനുള്ള ശ്രമമാണ് ഈ പ്രബന്ധമെന്നും റൂസ്സോ അവകാശപ്പെടുന്നു.

എന്താണ് ആദിപാപം? **സ്വകാര്യ ഭാര്യ, സ്വകാര്യ സ്വത്ത് എന്നിവയുടെ ഉത്ഭവമാണ് റൂസ്സോ ആദിപാപമായി മനസ്സിലാക്കുന്നത്.** (4) മനുഷ്യവർഗ്ഗത്തിന്റെ എല്ലാ പ്രശ്നങ്ങളുടേയും കാരണം സ്വകാര്യ ഭാര്യയുടേയും, സ്വകാര്യ സ്വത്തിന്റേയും ഉത്ഭവമാണെങ്കിൽ, മനുഷ്യവർഗ്ഗത്തെ വിശുദ്ധമായ ജീവിതത്തിലേക്ക് നയിക്കാനുള്ള അടിസ്ഥാന മാർഗ്ഗം ഇവയുടെ നിരോധനമാണ്. എന്നാൽ റൂസ്സോ അത്തരമൊരു പരിഹാരത്തെ നിഷേധിച്ചു. പക്ഷെ കാറൽമാർക്സ് ഇപ്രകാരം എഴുതി: Crude Communism means abolition of private property and private wife. (മുതലാളിത്വ വ്യവസ്ഥിതിയിൽ നിന്ന് യാഥാർത്ഥ കമ്മ്യൂണിസത്തിലേക്കുള്ള പാതയിലെ ആദ്യ ഘട്ടമാണ് Crude Communism)

എന്തുകൊണ്ടാണ് സ്വകാര്യസ്വത്തിന്റേയും സ്വകാര്യ ഭാര്യയുടേയും നിർമ്മാർജ്ജനമാണ് യഥാർത്ഥ കമ്മ്യൂണിസമെന്ന് കാറൽ മാർക്സ് എഴുതിയില്ല?. യഥാർത്ഥ കമ്മ്യൂണിസമെന്നാൽ പൂർണ്ണ വളർച്ചയെത്തിയ മാനവികത എന്നതായിരുന്നു കാറൽ മാർക്സിന്റെ നിലപാട്. എന്നാൽ മാർക്സിന്റെ സമകാലികർ പലരും സ്വകാര്യസ്വത്തിന്റെ സമ്പൂർണ്ണ നിരോധനമാണ് കമ്മ്യൂണിസമെന്ന ഇടുങ്ങിയ നിർവചനത്തിന്റെ അടിമകളായിരുന്നു. ഉദാഹരണത്തിന് Wilhelm Christian Weitling (1808 - 1871) എന്ന സുവിശേഷ പ്രസംഗകൻ കാറൽ മാർക്സിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന വ്യക്തിയാണ്. ബലപ്രയോഗത്തിലൂടെ സമ്പത്തെല്ലാം സാമൂഹികമാക്കി ദൈവരാജ്യം സ്ഥാപിക്കണം എന്ന് ശാഠ്യം പിടിച്ച വ്യക്തിയായിരുന്നു Weitling. ഇതാണ് പിന്നീട് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നടപ്പിലാക്കിയത്. എന്നാൽ കാറൽ മാർക്സ് Weitling ന്റെ നിലപാടിനെ അനുകൂലിച്ചിരുന്നുവോ?

www.malankaralibrary.com


സത്യത്തിന് ഇടതുപക്ഷമോ, വലതുപക്ഷമോ ഇല്ലായെന്ന് അറിയാമായിരുന്ന മാർക്സ് Weitling ന്റെ സിദ്ധാന്തത്തെ മുതലാളിത്ത വ്യവസ്ഥിതിയോടുള്ള ആന്റി തിസീസായി മാത്രമാണ് കണ്ടത്. അതുകൊണ്ട് ഒരു കാരണവലും കമ്മ്യുണി സവും സ്വകാര്യസ്വത്തിന്റെ നിർമാർജ്ജനവും തുല്യമാണെന്ന് കരുതരുതെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

"എന്താണ് കമ്മ്യൂണിസം?"

സ്വകാര്യ സ്വത്തിന്റെ നിർമ്മാർജ്ജനത്തെ കമ്മ്യൂണിസമെന്ന് വിളിക്കരു തെന്ന് കാറൽ മാർക്സ് ആവശ്യപ്പെടുന്നെങ്കിൽ എന്താണ് കമ്മ്യുണിസം?. സ്വകാര്യ സ്വത്തിന്റെ നിർമ്മാർജ്ജനമല്ല കമ്മ്യൂണിസമെന്ന് അറിയാവുന്ന മാർക്സ് തന്നെ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' രചിച്ചപ്പോൾ സ്വകാര്യസ്വത്തിന്റെ നിർമ്മാർജ്ജന മാണ് കമ്മ്യുണിസമെന്ന് എഴുതി ചേർക്കാനുള്ള കാരണമെന്താണ്?

ആദ്യമായി തന്നെ മനസ്സിലാക്കേണ്ടത് കാറൽ മാർക്സ് ഒരു പ്രത്യേക തരം സാമൂഹിക ജീവിതത്തിനാണ് കമ്മ്യണിസമെന്ന് വിളിക്കുന്നത്. അത്തരം സാമൂ ഹിക ജീവിതമെന്തെന്ന് നിർവചിക്കുന്നത് ജർമ്മൻ ചിന്തകനായ ഹെഗലാണ്(1770 -1830) പ്രസ്തുത സാമൂഹിക ജീവിത രീതിയ്ക്ക് കമ്മ്യണിസമെന്ന പേര് നൽകുക മാത്രമെ മാർക്സ് ചെയ്യുന്നത്. എന്നാൽ കമ്മ്യണിസത്തിന്റെ അർത്ഥം (ലക്ഷ്യം) ഹെഗലിൽ നിന്ന് പകർത്തെഴുതിയാതാണെന്ന് ഒരിക്കൽ പോലും മാർക്സും എംഗൽസും പരസ്യമായി പ്രഖ്യാപിക്കുന്നില്ല. അതുകൊണ്ടുതന്നെ മാർക്സിനെ മനസ്സിലാക്കാൻ കമ്മ്യണിസ്റ്റുകാരാരും തന്നെ ഹെഗലിനെ വായിക്കാറില്ല. എന്നാൽ മരണത്തോടടുത്തപ്പോൾ കാറൽമാർക്സ് ഇക്കാര്യം പറയുന്നുണ്ട്. ഹെഗൽ ഒന്നിനും കൊള്ളാത്തവനാണെന്ന് ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ അത് തെറ്റാണെന്നും, ഹെഗലിനെ വ്യാഖ്യാനിക്കാൻ ശ്രമിച്ചു എന്നതു മാത്രമാണ് ഞാൻ ചെയ്തതെന്നും പരസ്യമായി ഞാൻ ലോകത്തോട് പ്രഖ്യാപിക്കുന്നുവെന്ന് മാർക്സ് എഴുതുന്നു.(5) ഇക്കാര്യം തന്നെ എംഗൽസ് മറ്റൊരു വിധത്തിൽ പറയുന്നു. എംഗൽസിന്റെ അഭിപ്രയത്തിൽ "ഹെഗലിനെ ഉൾക്കൊള്ളാൻ കഴിയും, ഉപേക്ഷി ക്കാൻ കഴിയില്ല". (6)

മാർക്സും എംഗൽസും ഇത്രയും വികാരഭരിതരായി ഹെഗലിനെ കുറിച്ച് എഴുതിയത് വായിച്ച യൂറോപ്പിലെ ചില കമ്മ്യണിസ്റ്റുകാർ ഹെഗലിനെ വായിച്ചു കൊണ്ട് മാർകിസത്തെ പുനർവ്യാഖ്യാന വിധേയമാക്കിയപ്പേൾ ലഭിച്ച സിദ്ധാന്ത ങ്ങളുടെയും,പ്രയോഗങ്ങളുടെയും ആകെ തുകയാണ് നിയോ-കമ്മ്യൂണിസം അഥവാ യൂറോ കമ്മ്യൂണിസം(Neo - Communism or Euro Communism).

കമ്മ്യണിസ്റ്റ് സമൂഹമെന്നാൽ എന്താണെന്ന് നിർവ്വചിക്കാൻ, ഹെഗൽ രചിച്ച ശരിയുടെ തത്വശാസ്ത്രം എന്ന ഗ്ന്ഥത്തിലെ 260-ാം ഖണ്ഡികയിൽ വിവരിക്കുന്ന

www.malankaralibrary.com

സാമൂഹിക ഘടന (Constitution)യുടെ വിശദീകരണമാണ്, മാർക്സും എംഗൽസും സ്വീകരിക്കുന്നത്. ആ ഖണ്ഡികയിൽ ആദർശ സമൂഹത്തിന്റെ (Ideal Society) സ്വഭാവം ഹെഗൽ വിവരിക്കുന്നു. ആദർശ സമൂഹത്തിന്റ നാല് ഘടകങ്ങൾ താഴെ പറയുന്നവയാണ്. (7)

1. വ്യക്തിയ്ക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണം.
2. വ്യക്തിയുടെ ഉറങ്ങിക്കിടക്കുന്ന കഴിവുകൾ പരാമവധി വളർത്താനുള്ള സാഹ ചര്യമുണ്ടാകണം
3.വ്യക്തിയുടെ സ്വാതന്ത്ര്യം സമൂഹത്തിന്റെ ഐക്യത്തിനോ, സമൂഹത്തിന്റെ ഐക്യം വ്യക്തികളുടെ സ്വതന്ത്ര്യത്തിനോ വിരുദ്ധമാകരുത്.
4. വ്യക്തി സമൂഹത്തെ പോക്ഷിപ്പിക്കുകയും, സമൂഹം വ്യക്തിയെ പോക്ഷിപ്പിക്കു കയും വേണം.

ഹെഗൽ നൽകിയ ഗുണങ്ങുള്ള ആദർശ സമൂഹത്തിന് മാർക്സും എംഗൽസും നൽകിയ പേരുമാത്രമാണ് കമ്മ്യൂണിസം. മറ്റൊരു വിധത്തിൽ വ്യക്തിയുടെ സ്വാത ന്ത്ര്യവും സമൂഹത്തിന്റെ ഐക്യവും നിലനിർത്തുകയും,മനുഷ്യന്റെ കഴിവുകൾ പരമാവധി വികാസം സംഭവിക്കുകയും ചെയ്യുന്ന സാമൂഹിക ജീവിതാവസ്ഥയുടെ പേരാണ് കമ്മ്യൂണിസം.

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തയ്യറാക്കുന്ന ഘട്ടത്തിൽ പല ഡ്രാഫ്റ്റുകൾ തയ്യാറാക്കുകയും, അവ പുതുക്കുകയും ചെയ്യുന്നുണ്ട്. അവയിൽ ഒരെണ്ണം കമ്മ്യൂ ണിസ്റ്റ വിശ്വാസ പ്രമാണമാണ്. അതിൽ ചോദ്യവും ഉത്തരവും അടങ്ങുന്ന 25 പ്രസ്താവനകളാണ്. അതിൽ ആദ്യത്തെ മൂന്ന പ്രസ്താവനകളിൽ കമ്മ്യൂണിസത്തെ എംഗൽസ് നിർവ്വചിക്കുന്നു.(8)

1. നിങ്ങൾ ഒരു കമ്മ്യൂണിസ്റ്റാണോ?
   അതെ
2. എന്താണ് കമ്മ്യൂണിസറ്റുകാരന്റെ ലക്ഷ്യം?
   വ്യക്തിയുടെ സ്വാതന്ത്ര്യവും, സമൂഹത്തിന്റെ ഐക്യവും നിലനിൽക്കുകയും, വ്യക്തിയുടെ സാധ്യതകൾ പരാമവധി വളരുകയും, വ്യക്തിയും സമൂഹവും തമ്മിൽ വൈരുദ്ധ്യം ഇല്ലാത്തതുമായ സമൂഹ സൃഷ്ടിയാണ് കമ്മ്യൂണിസ്റ്റുകാരന്റെ ലക്ഷ്യം.
3. എന്താണ് അതിനുള്ള മാർഗ്ഗം?
   സ്വകാര്യ സ്വത്തിന്റെ നിർമ്മാർജ്ജനം.

കമ്മ്യൂണിസ്റ്റ് വിശ്വാസ പ്രമാണത്തിൽ രേഖപ്പെടുത്തിയ കമ്മ്യണിസ്റ്റുകാരന്റെ ലക്ഷ്യം, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ രചിപ്പോൾ നഷ്ടപ്പെട്ടുപോയി. മാനിഫെ സ്റ്റോയിൽ മാർകസ് ഇപ്രകാരം എഴുതി സ്വകാര്യസ്വത്തിന്റെ നിർമ്മാർജനമാണ് കമ്മ്യൂണിസം. ഇന്ന് ലോകത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ലക്ഷ്യമില്ല മാർഗ്ഗം

www.malankaralibrary.com


മാത്രമേയുള്ളൂ.

ആദിപാപവും മനുഷ്യത്വത്തിന്റെ നഷ്ടവും

സമൂഹത്തിലെ പ്രശ്നങ്ങളുടെ കാരണം സ്വകാര്യഭാര്യയും സ്വകാര്യ സ്വത്തും ആവിർഭവിച്ചതാണെന്ന റൂസ്സോയുടെ വാദം മറ്റൊരു രീതിയിൽ അവതരിപ്പിക്കാൻ മാർക്സ്പാരിസ് മാനുസ്ക്രിപറ്റ്സിൽ ശ്രമിക്കുന്നുണ്ട്. തൊഴിലാളി അദ്ധ്വാനിക്കുന്നു, അവന്റെ അദ്ധ്വാനഫലം, മുതലാളി സ്വരൂപിക്കുന്നു. തൊഴിൽ ചെയ്തവൻ തന്റെ അദ്ധ്വാനഫലം സ്വന്തമാക്കാൻ മറ്റൊരുവന്റെ മുൻപിൽ യാചിക്കുന്നു. വ്യവസായ വളർച്ചയിലൂടെ തൊഴിലാളികളുടെ ജീവിതാവസ്ഥ മോശമായി തീരുന്നു. ഒരുവൻ സൃഷ്ടിച്ച വസ്തുക്കൾ, സൃഷ്ടിച്ചവനെ കീഴടക്കുന്ന പ്രകിയക്ക് മാർക്സ് നൽകിയ പേരാണ് അന്യവൽക്കരണം. തൊഴിലാളി യജമാനനും, ഉല്പന്നം ദാസനുമാണ്. അതിനു പകരം ഉൽപ്പന്നം യജമാനനായി മാറി യജമാനനായ തൊഴിലാളിയെ ഭരിക്കുന്നു. നാം തിരഞ്ഞെടുക്കുകയും, നമ്മുടെ നികുതിപണം കൊണ്ട് തീറ്റിപ്പോറ്റുകയും, ചെയ്യുന്ന സർക്കാർ സംവിധാനം, നമ്മെ കീഴടക്കുന്നതിന് സമാനമായി, സാമ്പത്തിക വളർച്ച നമ്മെ അടിമയാക്കുന്നു. മനുഷ്യന്റെ ഉൽപ്പന്നം വ്യക്തിയായി മാറി (അന്യൻ) മനുഷ്യനെ കീഴടക്കുന്നതാണ് അന്യവൽക്കരണം. ഇത്തരത്തിൽ സംഭവിക്കുന്നതിന്റെ കാരണത്തെ മനുഷ്യത്തിന്റെ നഷ്ടം(Loss of self) എന്നാണ് മാർക്സ് വിശദീകരിക്കുന്നത്. നഷ്ടപ്പെട്ട മനുഷ്യത്വത്തിന്റെ ലക്ഷണങ്ങൾ വിശദീകരിക്കുമ്പോൾ യഹൂദമിത്തിലെ ആദിപാപ വിവരണത്തിന് കാറൽമാർക്സിന്റെ ചിന്തയിലുള്ള സ്വാധീനം വ്യക്തമാകും.(9)

മനുഷ്യനെ നിർവചിച്ചു കൊണ്ടാണ് മാർക്സ് മനുഷ്യത്വത്തിന്റെ നഷ്ടം വ്യക്തമാക്കുന്നത്. മൃഗവർഗ്ഗവും മനുഷ്യവർഗ്ഗവും തമ്മിലുള്ള തുടർച്ചയും, വ്യത്യാസവും വ്യക്തമാക്കികൊണ്ടാണ് മാർക്സ് മനുഷ്യന്റെ സ്വത്വത്തെ നിർവ്വചിക്കുന്നത്. മൃഗങ്ങളുടെ സ്വഭാവം പരിശോധിച്ചാൽ അവ ഭക്ഷണം കഴിക്കുന്നു(food), ലൈംഗീകബന്ധം പുലർത്തുന്നു(Sex), ആൺ വർഗ്ഗം പരസ്പരം യുദ്ധം ചെയ്ത് അധികാരവും അതിർത്തിയും സ്ഥാപിക്കുന്നു (Power), വിശ്രമിക്കുന്നു (Sleep) എന്നീ നാലു കാര്യങ്ങൾ ആവർത്തിച്ചു കൊണ്ടിരിക്കുന്നതായി കാണാം. ഇവയിൽ ആദ്യത്തെ രണ്ടു സ്വഭാവങ്ങളെ മാത്രമാണ് മൃഗവർഗ്ഗ സ്വഭാവങ്ങളെന്ന് മാർക്സ് ഉന്നയിക്കുന്നത്.മാർക്സിന്റെ വാക്കുകളിൽ ഉപഭോഗം ചെയ്യുക, രതിക്രീഡയിലേർപ്പെടുകയെന്നതാണ് മൃഗസ്വഭാവം. മനുഷ്യന് മൃഗ സ്വഭാവമുണ്ട്. മൃഗങ്ങളേക്കാൾ മേന്മയേറിയ സ്വഭാവമുണ്ട്. സാമൂഹികമായി(Socially) ബോധപൂർവ്വകമായി(Consciously) ഉൽപാദിപ്പിക്കുക (Produce) എന്നതാണ് മനുഷ്യന്റെ മേന്മ. ബോധപൂർവ്വം സാമൂഹികമായി ഉല്പാദനം നടത്തുക എന്നതാണ് മനുഷ്യന്റെ മനുഷ്യത്വം. മാവിനെ നാം മാവെന്ന് വിളിക്കുന്നത് മാങ്ങയുണ്ടാകുമ്പോഴാണ്., തെങ്ങിനെ

www.malankaralibrary.com


നാം തെങ്ങെന്ന് വിളിക്കുന്നത് തേങ്ങയുണ്ടാകുമ്പോഴാണ്. അതുപോലെ നാം മനുഷ്യനെ മനുഷ്യനെന്ന് വിളിക്കേണ്ടത് ബോധപൂർവ്വം, സാമൂഹികമായി, ഉല്പാദനം നടത്തുമ്പോഴാണ്. അതുകൊണ്ട് മനുഷ്യൻ ഉല്പാദനം നടത്തുമ്പോഴാണ് മനുഷ്യനായി തീരുന്നത്. ഇതിനെയാണ് ആത്മസാക്ഷാത്ക്കാരം(Self-fullment) എന്ന് വിളിക്കുന്നത്. ആത്മസാക്ഷാത്ക്കാരത്തിൽ നിന്ന് മനുഷ്യന് ആത്മ സന്തോഷം ലഭിക്കുന്നു.

എന്നാൽ തൊഴിലെടുത്ത് ഉല്പാദിപ്പിക്കുന്നത് മനുഷ്യന് വേദനയാണ് (ഉല്പത്തി പുസ്തകം ഓർക്കുക), എന്നാൽ ഉപഭോഗം ചെയ്യുക എന്നത് മനുഷ്യന് സന്തോഷമാണ്. മറ്റൊരു വിധത്തിൽ മൃഗമായിരിക്കുന്നതിൽ മനുഷ്യൻ സന്തോഷിക്കുകയും, മനുഷ്യനായിരിക്കുന്നതിൽ മനുഷ്യൻ ദു:ഖിക്കുകയും ചെയ്യുന്നു. അതുപോലെ രതീക്രീഡയിൽ മനുഷ്യൻ ആനന്ദിക്കുകയും കുട്ടികളുണ്ടാകുന്നു എന്നറിയുമ്പോൾ (പ്രസവം വേദനയാകുന്നുവെന്ന ഉല്പത്തി പുസ്തകം ഭാഗം ശ്രദ്ധിക്കുക) മനുഷ്യൻ വേദനിക്കുകയും ചെയ്യുന്നു. ഈ രണ്ടു ലക്ഷണങ്ങളിൽ നിന്ന് മനുഷ്യന്റെ മനുഷ്യത്വം നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് മാർക്സ് തിരിച്ചറിയുന്നു.

മനുഷ്യത്വം നഷ്ടപ്പെട്ട മനുഷ്യന് തന്നെക്കുറിച്ച് തന്നെയുള്ള അറിവിൽ എങ്ങിനെ എത്തിചേരാൻ കഴിയും? അതുകൊണ്ട് മനുഷ്യത്വം തിരിച്ചുകിട്ടാത്ത മനുഷ്യരുടെ സ്വയാവബോധം തെറ്റായിരിക്കും(False Consciousness). മനുഷ്യന്റെ മനുഷ്യത്വം നഷ്ടപ്പെട്ടതിന്റ കാരണമെന്താണ്? പാരീസ്മാനുസ്ക്രിപ്റ്റ്സിൽ അതിന് ഉത്തരം നൽകാൻ കഴിയുന്നില്ല. അതിനു പകരം സ്വകാര്യസ്വത്തിന്റെ രൂപീകരണമാണ് അതിന്റെ കാരണമെന്ന് ആരോപിക്കുകയും ചെയ്യുന്നു.

ചരിത്രത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ യാതൊരു സ്വകാര്യസ്വത്തും കൈവശമില്ലാത്ത തൊഴിലാളികൾക്കുമാത്രം തങ്ങളുടെ മനുഷ്യത്വം തിരികെ ലഭിക്കു. സ്വകാര്യ സ്വത്ത് കൈവശമില്ലാത്ത തൊഴിലാളി സമൂഹത്തിന്റെ അവബോധം മാത്രമാണ് സത്യം (True Consciousness). ഇവർ അധികാരം പിടിച്ചെടുത്ത് സ്വകാര്യസ്വത്തും സ്വകാര്യ ഭാര്യത്വവും (റൂസ്സോയുടെ ചിന്ത ഓർക്കുക) നിരോധിക്കുമ്പോൾ മനുഷ്യന് മനുഷ്യത്വം തിരികെ ലഭിക്കും, സ്വാർത്ഥനായ മനുഷ്യൻ (Self Interested man) സാമൂഹിക സ്നേഹിയായി( Altruistic man) പരിണമിക്കുക.(10) സ്വകാര്യസ്വത്തിന്റെ ഉത്ഭവം തന്നെയാണ് ആദിപാപം എന്ന പ്രമേയം മാർക്സ് അന്ത്യകാലം വരെ പിൻതുടരുകയും ചെയ്യുന്നുണ്ട്. സ്വകാര്യസ്വത്തിന്റെ ഉത്ഭവമാണ് ആദിപാപമെന്ന കണ്ടെത്തൽ നിർണ്ണായകമാണെന്ന് മാർക്സ് മൂലധനത്തിന്റെ വാല്യത്തിൽ ഉറപ്പിച്ചു പറയുന്നു.(11)

"ഹെഗലും ഉത്ഭവപാപവും"

www.malankaralibrary.com


ഉത്ഭവ പാപം എന്ന ആശയത്തെ ചരിത്രത്തെ വിഭജിക്കാൻ റൂസ്സോയും, മാർക്സും എങ്ങിനെയാണ് ഉപയോഗിച്ചതെന്ന് നാം കണ്ടു. എന്നാൽ ഹെഗൽ ഉത്ഭവ പാപത്തെ നിഷേധാത്മകമായല്ല, ഭാവാത്മകമായിട്ടാണ് പരിഗണിക്കുന്നത്. മാത്രമല്ല പാപം ചെയ്യുന്നതിലൂടെയാണ് മനുഷ്യവർഗ്ഗം വികാസം പ്രാപിക്കുന്ന തെന്നും ഹെഗൽ ചൂണ്ടിക്കാണിയ്ക്കുന്നു. (12)

മനുഷ്യത്വത്തിന്റെ നഷ്ടമാണ് മനുഷ്യന്റെ യഥാർത്ഥ പ്രശനമെന്ന കാറൽ മാർക്സിന്റെ ദർശനത്തെ പൂർണ്ണമായും സ്വീകരിച്ച വ്യക്തിയായിരുന്നു കത്തോ ലിക്ക സഭയിലെ ചിന്തകനായിരുന്ന ജോൺ പോൾ രണ്ടാമൻ. അദ്ദേഹംപ്രത്യാശ യുടെ പടിവാതിൽക്കൽ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതി, യുവ കമ്മ്യൂണി സ്റ്റുകളുമായുള്ള എന്റെ സംഭാക്ഷണത്തിൽ നിന്നാണ് മാർക്സത്തിന്റെ അടിത്തറ മനുഷ്യനാണെന്ന് എനിയ്ക്ക് മനസ്സിലായത്. കാറൽ മാർക്സിന്റെ ഈ സംഭാവന ഉപയോഗിച്ചുകൊണ്ട് അദ്ദേഹം ക്രിസ്തുമതത്തെ പുനർവ്യാഖാനിക്കാൻ ശ്രമിച്ചു.(13) യേശു ക്രിസ്തുവിന്റെ രക്ഷയെന്നത് മനുഷ്യന്റെ മനുഷ്യത്വം തിരികെ നൽക ലാണ് എന്ന് അദ്ദേഹം ഉന്നയിക്കുന്നു. യേശു ദൈവത്തെ വെളിച്ചപ്പെടുത്തുകയാ ണെന്ന പരമ്പരാഗത വ്യഖ്യാനത്തിൽ നിന്ന് വ്യത്യസ്ഥമായി, യേശു മനുഷ്യന് മനുഷ്യനെ വെളിപ്പെടുത്തുന്നുവെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖക ളിൽ അദ്ദേഹം എഴുതി ചേർത്തു. (14)

എന്നാൽ യേശുവിനെ മനുഷ്യനായി കാണാൻ വിസമ്മതിക്കുകയും ഭയക്കു കയും ചെയ്യുന്ന പത്രോസിന്റെ പിൻ ഗാമികൾ "യേശു ദൈവത്തെ വെളിപ്പെടു ത്തുന്നു" എന്ന ഭാഗിക സത്യത്തെ പുൽകി ജീവിതം പാഴാക്കുന്നു. (15)എന്താണ് ആദിപാപമെന്നോ, ആദിപാപത്തിന്റെ ഫലമായി മനുഷ്യനിൽ നിന്ന് എന്താണോ നഷ്ടപ്പെട്ടതെന്നും വ്യാഖ്യാനിക്കാൻ, ബൈബിളിന്റെ സൂക്ഷിപ്പുകാരെന്ന് അവകാ ശപ്പെടുന്ന യഹൂദനോ, ക്രൈസ്തവനോ കഴിയുന്നില്ല. ആദിപാപം ഇല്ലെങ്കിൽ രക്ഷകന്റ ആവശ്യമില്ല.

Notes and References

1. Marx and Engels, *Manifesto of the communist party*, in Karl Marx Frederick Engels, Collected works, volume 6, progress publishers, Moscow, 1976,P.498.

2. "Therefore I am not in favor of raising any dogmatic banner. On the contrary, we must try to help the dogmatists to clarify their propositions for themselves. Thus, communism, in particular, in a dogmatic abstraction, in which connection, however, I am not thinking of some imaginary and possible communism, but actually existing communism

www.malankaralibrary.com

as taught by Cabet, Dezamy, weitling etc. This communism itself is only a special expression of the humanistic principle, an expression which is still inflected by its antithesis – The private system. Hence the abolition of private property and communism are by no means identical and it is not accidental but inevitable that communism has seen other socialist doctrines – such as those of Fourier, Proudhon etc – arising to confront it because it is itself only a special one sided realization of the socialist principle". Karl Marx, *Letters from Deutch Franzosische Jahrbucher*, in Marx Engels, collected works, volume 3, progress publishers Moscow, 1975, PP 142-143

3. "Nay, few of our writers seem to have so much as doubted, that a state of nature did once actually exist; though it plainly appears by sacred history, that then even the first man, immediately furnished as he was by God himself with both instructions and percepts, never lived in that state, if we give to the books of Moses that credit which every Christian Philosopher ought to give to them, we must deny that, even before the deluge, such a state never existed among men, unless they fell into it by some extraordinary event, a paradox very difficult to maintain, and altogether impossible to prove".

   Religion command us to believe, that men, having been drawn by god himself out of a state of nature, are unequal, because it is his pleasure they should be so; but religion does not forbid us to draw conjectures solely from the nature of man, considered in itself, and that of the beings which surrounding him, concerning the fate of mankind, had he been left to themselves. This is then the question I am to answer, the question I propose to examine in the present discourse"

   Jean – Jacques Rousseau, *Discourse on the origin of Inequality*, Dover thrift editions, Dover publications, Inc. Mineola, New York, 2016, P.2

4 "Men soon ceasing to fall asleep under the first tree, or take shelter in the first cavern, lit upon some hard and sharp kinds of stone, cut down the trees and with the branches build huts, which they after wards be thought themselves of plastering over with clay or dirt. This was the epoch of a first revolution, which produced the establishment and

www.malankaralibrary.com

distinction of families, and which introduced a species of property, and along with it perhaps a thousand quarrels and battle".

*Ibidem* P.30

5. "The mystifying side of Hegelian Diaiectic I criticized nearly thirty years ago, at the time when it was still the fashion. But just as I was working at the first volume of "Das Capital" it was the good pleasure of the peeverish, arrogant, mediocre who now talk large in Cultural Germany, to treat Hegel in the same way as the brave Moses Mendelssohn in Herrings time treated Spinoza as a "Dead Dog?" I therefore openly avowed myself the pupil of that mighty thinker, and even here and there, in the Chapter on the theory of Value, coquetted with the mode of expression peculiar to him. The mystification which dialectic suffer in Hegel's hands, by no means prevents him from being the first to present its general form working in a comprehensive and conscious manner"

   Karl Mark, Capital, Volume I*, After word to the second German edit*ion, Progress publishers, Moscow (first published 1954).1986 p.29

6. The book '*Ludwig Feuerbach and the end of classical German philosophy'* is written by Frederic Engels to prove that Feuerbach is the culmination of German idealism. However after reading the book, the reader realize that the entire philosophy reach its culmination with Hegel. In the last paragraph of the first chapter of this book is concluded with a positive remark on Hegel. Engels says that "Another thing we must not forget is this. The Hegelian school is disintegrated, but Hegelian philosophy was not overcome through criticism, Straus and Bauer each look one of its sides and set it polemically against the other. Feuerbach smashed the system and simply discarded it. But a philosophy, is not disposed of by the mere assumption that it is false. And so powerful a work as Hegelian philosophy, which had exercised so enormous of the nation, could not be disposed of by simply being ignored. It had to be "Sublated" in its own sense, that is in the sense that which its form had to be annihilated through criticism, the new content had been won through it had to be saved"

www.malankaralibrary.com

Engels repeat the same idea in the fourth chapter of the book "Hegel was not simply put aside. On the contrary, a start was made from his revolutionary side, described above from the dialectical method".

7. "The concrete freedom requires that personal individually and its particular interests should reach their full development and gain recognition of the right for itself and also that they should, on the one hand, pass over of their own accord into the interest of the universal(society), and on the other knowingly and willingly acknowledge this universal (Social interest) as their own substantial spirit, and actively pursue it as their ultimate end" Hegel, philosophy of Right, 1820, paragraph 260.

8. Question 1: Are you a Communist?

   Answer: Yes.

   Question 2: What is the aim of the Communists?

   Answer: To organize society in such a way that every member of it can develop and use all his capabilities and powers in complete freedom and without thereby infringing the basic conditions of this society.

   Question 3: How do you wish to achieve this aim?

   Answer: By the elimination of private property and its replacement by community of property. Engels, Draft of Communist faith, Marx Engels collected works volume 6, Page 97

9. "What, then, constitutes the alienation of labor?

   First, the fact that labor is *external* to the worker, i.e., it does not belong to his intrinsic nature; that in his work, therefore, he does not affirm himself but denies himself, does not feel content but unhappy, does not develop freely his physical and mental energy but mortifies his body and ruins his mind. The worker therefore only feels himself outside his work, and in his work feels outside himself. He feels at home when he is not working, and when he is working he does not feel at home. His labor

www.malankaralibrary.com

is therefore not voluntary, but coerced; it is *forced labor*. It is therefore not the satisfaction of a need; it is merely a *means* to satisfy needs external to it. Its alien character emerges clearly in the fact that as soon as no physical or other compulsion exists, labor is shunned like the plague. External labor, labor in which man alienates himself, is a labor of self-sacrifice, of mortification. Lastly, the external character of labor for the worker appears in the fact that it is not his own, but someone else's, that it does not belong to him, that in it he belongs, not to himself, but to another. Just as in religion the spontaneous activity of the human imagination, of the human brain and the human heart, operates on the individual independently of him – that is, operates as an alien, divine or diabolical activity – so is the worker's activity not his spontaneous activity. It belongs to another; it is the **loss of his self**.

As a result, therefore, man (the worker) only feels himself freely active in his animal functions – **eating, drinking, procreating**, or at most in his dwelling and in dressing-up, etc.; and in his human functions he no longer feels himself to be anything but an animal. **What is animal becomes human and what is human becomes animal.**

Certainly eating, drinking, procreating, etc., are also genuinely human functions. But taken abstractly, separated from the sphere of all other human activity and turned into sole and ultimate ends, they are animal functions.

We have considered the act of estranging practical human activity, labor, in two of its aspects. (1) The relation of the worker to the *product of labor* as an alien object exercising power over him. This relation is at the same time the relation to the sensuous external world, to the objects of nature, as an alien world inimically opposed to him. (2) The relation

www.malankaralibrary.com

of labor to the *act of production* within the *labor* process. This relation is the relation of the worker to his own activity as an alien activity not belonging to him; **it is activity as suffering**, strength as weakness, **begetting as emasculating**, the worker's *own* physical and mental energy, his personal life – for what is life but activity? – as an activity which is turned against him, independent of him and not belonging to him. Here we have *self-estrangement*, as previously we had the estrangement of the *thing*."

Karl Marx, *Economic and Philosophic Manuscripts of 1844*, in Marx Engels Collected works Volume 3,Progress publishers, Moscow, 1975, pp274-75.

10. "By embracing this relation as a *whole*, communism is:

(1) In its first form only a *generalization* and *consummation* of it [of this relation]. As such it appear s in a two-fold form: on the one hand, the dominion of *material* property bulks so large that it wants to destroy *everything* which is not capable of being possessed by all as *private property*. It wants to disregard talent, etc., in an *arbitrary* manner. For it the sole purpose of life and existence is direct, physical *possession*. The category of the *worker* is not done away with, but extended to all men. The relationship of private property persists as the relationship of the community to the world of things. Finally, this movement of opposing universal private property to private property finds expression in the brutish form of opposing to *marriage* (certainly a *form of exclusive private property*) the *community of women*, in which a woman becomes a piece of *communal* and *common* property. It may be said that this idea of the *community of women gives away the secret* of this as yet completely crude and thoughtless communism. Just as woman passes from marriage to general prostitution, [Prostitution is only a specific expression of the general prostitution of the laborer, and since it is a

www.malankaralibrary.com

relationship in which falls not the prostitute alone, but also the one who prostitutes – and the latter's abomination is still greater – the capitalist, etc., also comes under this head. – Note by Marx] so the entire world of wealth (that is, of man's objective substance) passes from the relationship of exclusive marriage with the owner of private property to a state of universal prostitution with the community. This type of communism – since it negates the *personality* of man in every sphere – is but the logical expression of private property, which is this negation. General *envy* constituting itself as a power is the disguise in which *greed* re-establishes itself and satisfies itself, only in *another* way. The thought of every piece of private property as such is *at least* turned against *wealthier* private property in the form of envy and the urge to reduce things to a common level, so that this envy and urge even constitute the essence of competition. **Crude communism** [The manuscript has: Kommunist. – *Ed.*] is only the culmination of this envy and of this leveling-down proceeding from the *preconceived* minimum. It has a *definite, limited* standard. How little this annulment of private property is really an appropriation is in fact proved by the abstract negation of the entire world of culture and civilization, the regression to the *unnatural* ||IV| simplicity of the *poor* and crude man who has few needs and who has not only failed to go beyond private property, but has not yet even reached it.

The community is only a community of *labor,* and of equality of *wages* paid out by communal capital – by the *community* as the universal capitalist. Both sides of the relationship are raised to an *imagined* universality – *labor* as the category in which every person is placed, and *capital* as the acknowledged universality and power of the community.

www.malankaralibrary.com

In the approach to *woman* as the *spoil* and handmaid of communal lust is expressed the infinite degradation in which man exists for himself, for the secret of this approach has its *unambiguous*, decisive, *plain* and undisguised expression in the relation of *man* to *woman* and in the manner in which the *direct* and *natural* species-relationship is conceived. The direct, natural, and necessary relation of person to person is the *relation of man to woman*. In this *natural* species-relationship man's relation to nature is immediately his relation to man, just as his relation to man is immediately his relation to nature – his own *natural* destination. In this relationship, therefore, is *sensuously manifested*, reduced to an observable *fact,* the extent to which the human essence has become nature to man, or to which nature to him has become the human essence of man. From this relationship one can therefore judge man's whole level of development. From the character of this relationship follows how much *man* as a *species-being*, as *man*, has come to be himself and to comprehend himself; the relation of man to woman is the *most natural* relation of human being to human being. It therefore reveals the extent to which man's *natural* behavior has become *human,* or the extent to which the *human* essence in him has become a *natural* essence – the extent to which his *human nature* has come to be *natural* to him. This relationship also reveals the extent to which man's *need* has become a *human* need; the extent to which, therefore, the *other* person as a person has become for him a need – the extent to which he in his individual existence is at the same time a social being.

The first positive annulment of private property – *crude* communism – is thus merely one *form* in which the vileness of private

www.malankaralibrary.com

property, which wants to set itself up as the *positive community system, comes to the surface.*

(2) Communism (a) still political in nature – democratic or despotic; (ß) with the abolition of the state, yet still incomplete, and being still affected by private property, i.e., by the estrangement of man. In both forms communism already is aware of being reintegration or return of man to himself, the transcendence of human self-estrangement; but since it has not yet grasped the positive essence of private property, and just as little the *human* nature of need, it remains captive to it and infected by it. It has, indeed, grasped its concept, but not its essence.

(3) *Communism* as the *positive* transcendence of *private property* as *human self-estrangement*, and therefore as the real *appropriation* of the *human* essence by and for man; communism therefore as the complete return of man to himself as a *social* (i.e., human) being – a return accomplished consciously and embracing the entire wealth of previous development. This communism, as fully developed naturalism, equals humanism, and as fully developed humanism equals naturalism; it is the *genuine* resolution of the conflict between man and nature and between man and man – the true resolution of the strife between existence and essence, between objectification and self-confirmation, between freedom and necessity, between the individual and the species. Communism is the riddle of history solved, and it knows itself to be this solution."

Karl Marx, *Economic and Philosophic Manuscripts of 1844*, in Marx Engels Collected works Volume 3,Progress publishers, Moscow, 1975, pp294-96.

www.malankaralibrary.com

11. This **primitive accumulation** plays in Political Economy about the same part as **original Sin** in theology. Adam bit the apple, and thereupon sin fell on the human race. Its origin is supposed to be explained when it is told as an anecdote of the past. In times long gone by there were two sorts of people; one, the diligent, intelligent, and, above all, frugal etc; the other, lazy rascals, spending their substance, and more, in idiotous living. The legend of theological original sin tells us certainly how man came to be condemned to eat his bread in the sweat of his brow; but the history of **economic original sin** reveals to us that there are people to whom this is by no means essential. Never mind! Thus it came to pass that the former sort **accumulated wealth**, and the latter sort had at last nothing to sell except their own skins. And from **this original sin** dates the poverty of the great majority that, despite all its labor, has up to now nothing to sell but itself, and the **wealth of the few** that increase constantly although they have long ceased to work. Karl Marx, Capital Volume I, Page 667

12. Hegel, Hegel's logic, Section 24N.

13. ഭാഗ്യപ്പെട്ട പാപമേ, നീയാണല്ലോ ഞങ്ങൾക്ക് ഇത്ര വലിയ, മഹത്വപൂർണ്ണനായ, ഒരു രക്ഷകനെ നേടിത്തന്നത്. ദൈവം തന്റെ രൂപത്തിലും ഛായയിലും മനുഷ്യനെ സൃഷ്ടിച്ചപ്പോൾതന്നെ അവനുകിട്ടിയ സമ്പന്നമായ മനുഷ്യാവകാശങ്ങളെ രക്ഷകൻ പുനഃസ്ഥാപിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു എന്നു മാത്രം.

ഈ വിഷയത്തിൽ എനിക്കെങ്ങനെയാണ് വ്യക്തിപരമായി ഇത്രയേറെ താത്പര്യം ഉണ്ടായതെന്നു ഞാൻ വ്യക്തമാക്കാം. മനുഷ്യനും അവന്റെ അന്തസ്സും എനിക്കും സജീവതാൽപര്യമുള്ള വിഷയങ്ങളാകാൻ കാരണം മാർക്സിസവുമായുള്ള വാഗ്വാദങ്ങളാണെന്ന് അത്യധികം വിസ്മയത്തോടെ ഞാനിപ്പോൾ ഓർമ്മിക്കുന്നു.(മറിച്ച് തോന്നുമെങ്കിലും മനുഷ്യന്റെ അന്തസ്സുതന്നെയാണ് മാർക്സിസ്റ്റുകാർ അവരുടെ ചിന്തയുടെ കേന്ദ്ര വിഷയമാക്കിയത്; അതും ഒരു കാരണമായി.) John Paul II, *Crossing the Threshold of Hope,* chapter 30.

www.malankaralibrary.com

14. The Second Vatican Council document ‘Church in the Modern World’ says that “Christ the lord, Christ the new Adam, in the very revelation of the mystery of the Father and his love, fully reveals man to himself and brings light his most high calling. He who is the image of the invisible God is himself the perfect man who has restored in the children of Adam that likeness to God which had been disfigured ever since **the first sin**.” (*Church in the modern world,* 22). John Paul II quotes this statement frequently in his proclamations. No one except John Paul II dared to utter the above statement. He says that this fear began from St, Peter.

15. “പത്രോസ് മനുഷ്യനായി അവതരിച്ച ദൈവത്തെ ഭയപ്പെട്ടില്ല. എന്നാൽ ദൈവപുത്രനെ മനുഷ്യനെന്ന നിലയിൽ അദ്ദേഹം ഭയപ്പെട്ടു.” (ജോൺ പോൾ രണ്ടാമൻ, പ്രത്യാശയുടെ പടിവാതിൽക്കൽ, ചാപ്റ്റർ -1)